# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **08/03/2017 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *183**

### സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| | **ശ്രീ.കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. പി.വി. അൻവർ**<br>**ശ്രീ. കെ സുരേഷ് കുറുപ്പ്** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | സംസ്ഥാനത്തെ പ്രമുഖ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി സംസ്ഥാനസർക്കാർ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇടപെടേണ്ട വിഷയങ്ങളിൽ സത്വര ഇടപെടലുകൾ നടത്താറുണ്ട്. |
| (ബി) | കേന്ദ്രസർക്കാർ പൊതുമേഖലയോടു കാണിക്കുന്ന അവഗണന ഈ സ്ഥാപനങ്ങളെ നഷ്ടത്തിലാക്കുന്നതിനേയും തുടർന്ന് ഈ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ നീക്കം നടത്തുന്നതിനെയും കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്താനായി ഇടപെടൽ നടത്തുമോ; | (ബി& സി) | കേന്ദ്രസർക്കാർ, വിഭവ സമാഹരണത്തിന്റെ ഭാഗമായി, ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുന്നതുമായിട്ടുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാനസർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അതാത് സന്ദർഭങ്ങളിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>കേന്ദ്രസർക്കാർ കൊച്ചി കപ്പൽ ശാലയോട് യാതൊരു അവഗണനയും കാണിക്കുന്നില്ല എന്നും കപ്പൽ ശാലയുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ട എല്ലാ പ്രോത്സാഹനവും നൽകിവരുന്നുണ്ട് എന്നും കമ്പനി അറിയിച്ചിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട ഐ.പി.ഒ ഓഹരി വില്പന കപ്പൽ ശാലയെ സ്വകാര്യവത്ക്കരിക്കുന്നതിനല്ല മറിച്ച് കപ്പൽ ശാലയുടെ സുസ്ഥിര വികസനത്തിനും തൊഴിലവസരം |
| (സി) | ലാഭത്തിൽ പ്രവർത്തിക്കുന്ന കൊച്ചിൻ ഷിപ്പ് യാർഡ്, എച്ച്.ഒ.സി, എച്ച്.എൻ.എൽ തുടങ്ങിയ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് സ്വകാര്യ മേഖലയെ ഏൽപ്പിക്കാനുള്ള നീക്കവും ബി.എസ്.എൻ.എൽ.ന്റെ ലാഭക്ഷമത ഇല്ലാതാക്കി തകർക്കാനുള്ള നീക്കവും അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ? | | |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനും ഉതകുന്ന വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും വേണ്ടിയാണ് എന്നും കമ്പനി അറിയിച്ചിട്ടുണ്ട്. ഐ.പി.ഒ ഓഹരി വില്പനക്കു ശേഷവും കപ്പൽ ശാലയുടെ 75% ഉടമസ്ഥതയും കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കും. കപ്പൽ ശാലയുടെ പ്രവർത്തനം നിലവിൽ തൃപ്തികരമാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.<br>കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ 25% ഓഹരി വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്ന പ്രമേയം ഈ സഭ ഐകകണ്ഠേന അംഗീകരിച്ചിട്ടുണ്ട് (27.10.2016).<br>ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ മഹാരാഷ്ട്രയിലുള്ള രസായനി യൂണിറ്റ് കഴിഞ്ഞ 17 വർഷമായി ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 1987 ൽ ഉദ്ദേശം 100 കോടി രൂപയുടെ മുതൽ മുടക്കോടെ കൊച്ചി അമ്പലമുകളിൽ പ്രവർത്തനം ആരംഭിച്ച യൂണിറ്റിന് 2012-13 കാലഘട്ടം മുതൽ ആന്റി ഡംപിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ ലഭിക്കാത്തതും പ്രവർത്തന ശേഷി പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്തതും മൂലം കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന രസായനി യൂണിറ്റ് അടച്ചുപൂട്ടുവാൻ 2016 ലെ നീതിആയോഗ് മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ കൊച്ചി യൂണിറ്റ് അടച്ചുപൂട്ടുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത് തുടർന്ന് പ്രവർത്തിക്കുന്നതിനായി HOCL ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 03.01.17 ൽ സർക്കാർ ചർച്ച നടത്തി.<br>HOCL ലോക്ക് ഔട്ട് ചെയ്യുന്നതിൽ നിന്നും പിന്മാറണമെന്നും, 840 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് അംഗീകരിക്കണമെന്നും, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും അസംസ്കൃത വസ്തുക്കൾ HOCL ന് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ഈ സഭ 27.10.16 തീയതി ഐകകണ്ഠേന പാസാക്കിയിട്ടുണ്ട്.<br>HNL ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിന് കേന്ദ്ര ധന മന്ത്രാലയത്തിന് കീഴിലുള്ള 'Department of Invest and Public Asset Management' തീരുമാനിച്ചിട്ടുള്ളതായും ഇതനുസരിച്ചുള്ള തുടർനടപടികൾ നടന്നുവരികയാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. HNL നെ അതിന്റെ മാതൃസ്ഥാപനത്തിൽ നിന്നും വേർപെടുത്തി കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഘനവ്യവസായ വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും കമ്പനിയുടെ കടബാദ്ധ്യതകൾ തീർക്കാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായോ ലോണായോ അനുവദിക്കണമെന്നും. കമ്പനിയുടെ സ്വകാര്യവത്കരണ/ഓഹരി വിറ്റഴിക്കൽ നീക്കത്തിൽ നിന്നും പിൻമാറി ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ ഓഹരി വിറ്റഴിക്കാൻ നീക്കമുള്ളതായി സർക്കാരിന് അറിവില്ല. |

സെക്ഷൻ ഓഫീസർ